**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2118** **30-07-2021 - ൽ മറുപടിയ്ക്ക്**

**കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള ശുപാർശ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ശുപാർശ നൽകിയിട്ടുണ്ടോ; | (എ) | ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ശുപാർശയിന്മേൽ സ്വീകരിക്കപെട്ടിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ; | (ബി) | കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം ലഭ്യമാക്കിയ പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ കുടുംബി സമുദായത്തെക്കുറിച്ചുള്ള അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ കിർത്താഡ്സിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കിർത്താഡ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (സി) | കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം ലഭ്യമാക്കിയ പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ കുടുംബി സമുദായത്തെക്കുറിച്ചുള്ള അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ കിർത്താഡ്സിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ആയത് സംബന്ധിച്ച് കിർത്താഡ്സ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ഡി) | ഇല്ല. |
| (ഇ) | ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | കുടുംബി സമുദായത്തിന്റെ എത്നോഗ്രാഫി ശേഖരിച്ചിട്ടുണ്ട്. ആർക്കൈവൽ രീതിശാസ്ത്രം, എത്നോഗ്രാഫിക് രീതിശാസ്ത്രം എന്നിവ സമന്വയിപ്പിച്ചുകൊണ്ട് പഠനം നടത്തിവരുന്നു. ആചാരാനുഷ്ഠാനങ്ങൾ, കലാരൂപങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി അർദ്ധ പങ്കാളിത്ത രീതിശാസ്ത്രം അവലംബിച്ചുള്ള പഠനവും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ